# കേരളസർവകലാശാല

നം.പി.ആർ.138/2021

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല ജൂലൈ 26 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ എം.എ./എം. കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ – ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം കണ്ണമ്മൂല ജോൺ കോക്സ് മെമ്മോറിയൽ കോളേജ്, കെ.യു.സി.ടി.ഇ., കൊല്ലം തേവള്ളി ജി.എച്ച്.എസ്.എസ്.ബോയ്സ്, ആലപ്പുഴ എസ്.ഡി. കോളേജ് എന്നിവ പരീക്ഷാകേന്ദ്രങ്ങളാണ്. ഹാൾടിക്കറ്റ് ജൂലൈ 23 മുതൽ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2018 അഡ്മിഷൻ) പരീക്ഷ ജൂലൈ 26 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല നടത്തുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്.സി. (2018 അഡ്മിഷൻ റെഗുലർ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ മാർച്ച് 2021 ന്റെ സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 19 ന് അതാത് കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പുതുക്കിയ പരീക്ഷാക്രമം

കേരളസർവകലാശാല ജൂലൈ 16, 17 തീയതികളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വച്ച് യു.പി.എസ്.സി.യുടെ ഐ.ഇ.എസ്, ഐ.എസ്.എസ്. പരീക്ഷകൾ നടക്കുന്നതിനാൽ, ജൂലൈ 16 ന് യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടത്താനിരുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്.സി. കെമിസ്ട്രിയുടെ പ്രോജക്ട് വൈവ ജൂലൈ 19 ന് നടത്തുന്നതാണ്. ജൂലൈ 16 ന് നടക്കാനിരുന്ന ആറാം സെമസ്റ്റർ ബി.എസി.സി. (സി.ബി.സി.എസ്.എസ്.) സുവോളജിയുടെ പ്രാക്ടിക്കൽ പരീക്ഷയുടെ പ്രോജക്ട് വൈവയും ജൂലൈ 19 ന് നടത്തുന്നതാണ്. ജൂലൈ 19 ന് നടത്താനിരുന്ന സുവോളജി പ്രോജക്ട് വൈവ പരീക്ഷ ജൂലൈ 22 ന് നടത്തുന്നതാണ്. ജൂലൈ 16 ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 27 ന് അതേ കോളേജിൽ വച്ച് നടത്തുന്നതാണ്.

# അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ – അപേക്ഷാ തീയതി നീട്ടി

കേരളസർവകലശാല ഇംഗ്ലീഷ് പഠനവകുപ്പ് നടത്തുന്ന APGDEC (അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ) എന്ന പാർട്ട് ടൈം സായാഹ്ന കോഴ്സിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 19 വരെ നീട്ടിയിരിക്കുന്നു. പ്രസ്തുത കോഴ്സിലേക്ക് അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. കേരളസർവകലാശാല ക്യാഷ് കൗണ്ടറിൽ 30 രൂപ ഒടുക്കിയ ചെലാൻ ഇംഗീഷ് പഠനവകുപ്പിൽ സമർപ്പിച്ച് അപേക്ഷാഫോം കൈപ്പറ്റാവുന്നതാണ്.

തിരുവനന്തപുരം,
15.07.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**